


ജനകീയസമരങ്ങൾക്ക് കേരളം തനിമയാർന്ന മുഖം നൽകിയിട്ടുണ്ട്. ചെറുസമൂഹങ്ങളിൽ നിന്ന് ഉയിരെടുത്ത ഉൾക്കരുത്തുള്ള സമരങ്ങളാണ് കേരളം കാഴ്ചവെച്ചത്. എന്നാൽ ഒറ്റപ്പെട്ട സമരങ്ങൾ കൊണ്ടുമാത്രം നേരിടാവുന്നതല്ല രാജ്യത്തെ തുറിച്ചുനോക്കുന്ന വെല്ലുവിളികൾ. രാജ്യവും ജനകീയ ബദലുകളും നേരിടുന്ന വെല്ലുവിളികൾക്ക് കേരളത്തിന്റെ ഉത്തരമെന്താണ്?

# സമരകേരളം ഉത്തരം തരും

മേധാ പട്കർ



പശ്ചിമഘട്ടവും അറബിക്കടലും അതിരിടുന്ന ചെറുതെങ്കിലും സമൃദ്ധസുന്ദരമായ കേരളത്തിന്റെ തീരദേശത്തെ തകർത്തെറിഞ്ഞുകൊണ്ട് വർഷങ്ങൾക്ക് മുമ്പ് സുനാമിത്തിരകൾ ആഞ്ഞടിച്ചു. അതിന്റെ ആഘാതത്തിൽ നിന്ന് കരകയറാൻ സാധിച്ചിരിക്കാമെങ്കിലും രാജ്യം മുഴുവനായും വിഴുങ്ങിക്കൊണ്ടിരിക്കുന്ന ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും രാക്ഷസത്തിരകളുടെ ആക്രമണത്തിൽ നിന്ന് കേരളവും സുരക്ഷിതമല്ല. ഓരോ പുഴയും ഓരോതുണ്ട് കൃഷിഭൂമിയും അവശേഷിക്കുന്ന കാടുകളും ധാതുഖനിജങ്ങളും ജലവിഭവങ്ങളുമടക്കം പരമ്പരകളായി നാം കാത്തുസൂക്ഷിച്ചിരുന്ന പൂർവ്വികസ്വത്തുക്കളെല്ലാം തന്നെ വിപണിയുടെ പിടിയിലമർന്നുകൊണ്ടിരിക്കുകയാണ്. വിപണിയുടെ ഈ കടന്നുകയറ്റം ജൈവവ്യവസ്ഥിതിയെയും പ്രകൃതിയെയും തലമുറകളായി കാത്തുപുലരുന്ന ദേശജനതയെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്ന് തള്ളിപ്പുറത്താക്കുക മാത്രമല്ല, മുഴുവൻ ജൈവവ്യൂഹത്തെയും തകർത്തെറിയുകകൂടിയാണ് ചെയ്യുന്നത്. പ്രകൃതിവിഭവങ്ങളോടൊപ്പം സാംസ്കാരികഅന്തരീക്ഷവും ഭീഷണിനേരിടുന്നു.

പശ്ചിമഘട്ടത്തിലെ തരളഹരിതക്കടലിനും അറബിക്കടൽത്തീരത്തെ മണൽപ്പരപ്പിനുമിടയിൽ തിങ്ങിപ്പാർക്കുന്ന ജനതയുടെ പൈതൃകം കിണറുകളിലെ മധുരവും ശുദ്ധവുമായ വെള്ളവും പാടവും കുളങ്ങളും തെങ്ങിൻതോപ്പുകളും കണ്ടൽവനങ്ങളുമൊക്കെയാണ്. ഈ പൈതൃകസ്വത്തുക്കളെല്ലാം തന്നെ ഇന്ന് വിപണിയുടെ കടന്നുകയറ്റത്തിൽപ്പെട്ട് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വടക്കൻ കേരളത്തിലെ ആദിവാസികൾ മുതൽ തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ വരെ മുഴുവൻ ജനതയുടെയും അടിസ്ഥാനജീവനോപാധികളെപ്പോലും വലിയൊരളവിൽ കവർന്നെടുക്കുന്നതിലും കയ്യടക്കുന്നതിലും കോർപ്പറേറ്റ് ശക്തികൾക്ക് കഴിഞ്ഞിരിക്കുന്നു.

എന്നാൽ ഇതിനെതിരെ ജനാധിപത്യപരവും സമാധാനപരവും എന്നാൽ ശക്തവുമായ പ്രതിരോധം ചമയ്ക്കുന്നതിലൂടെ ജനകീയമുന്നേറ്റങ്ങൾ പുതിയ വഴികൾ തുറക്കുകയാണ്.

ഈ ചെറിയ സംസ്ഥാനത്ത് നടക്കുന്ന ചെറുതും ശക്തവുമായ ഇത്തരം പ്രതിരോധസമരങ്ങൾക്കും അതിന്റെ തനിമയുണ്ടെന്ന് പറയാതെ വയ്യ. ചെറുസമൂഹങ്ങളിൽ ഊന്നിയുള്ളതും ജീവിക്കുന്ന പ്രകൃതിയുമായി നേരിട്ട് ജൈവബന്ധമുള്ള മനുഷ്യർ നയിക്കുന്നതുമായ യഥാർത്ഥ സിവിൽസൊസൈറ്റി പ്രസ്ഥാനങ്ങളാണ് അവ. പുഴയിൽ നിന്ന് മണലൂറ്റുമ്പോൾ ജനം ഉണരുകയും അതിന് വെല്ലുവിളിയുയർത്തുകയും ചെയ്യും. കുട്ടനാട്ടിലെ നെൽവയലുകളിൽ കയ്യേറ്റം നടക്കുമ്പോൾ അവർ എഴുന്നേറ്റുനിന്ന് ചോദ്യങ്ങളുതിർക്കും. ഇത്തരം ചെറുസമരങ്ങൾക്കിടയിൽ നിന്നും കൊക്കക്കോള പോലുള്ള അന്താരാഷ്ട്രഭീമന്മാർക്കെതിരെയുള്ള മഹാസമരങ്ങളും പൊട്ടിപ്പുറപ്പെടും. ഒരു ചെറുപ്രദേശത്തെ രക്ഷിച്ചെടുക്കാനുള്ള സമരം മാത്രമായിരുന്നില്ല അത്. ഗ്രാമസഭയുടെ സ്വയംശാക്തീകരണത്തിലൂടെ ജനാധിപത്യത്തെ ഊട്ടിയുറപ്പിക്കുന്ന മഹത്തായ യത്നം കൂടിയായിരുന്നു അത്. പെരുമാട്ടി പഞ്ചായത്ത് സമരം തുടർന്നുകൊണ്ടുപോകുമ്പോൾ പുറമേയ്ക്ക് ദുർബലരെന്ന് തോന്നിക്കുന്ന ഇരവാള ആദിവാസി സമൂഹം അവരുടെ ശക്തി തെളിയിക്കുകയാണ്. കൊക്കക്കോള ഫാക്ടറി പൂട്ടിക്കിടക്കുന്നു. മലിനീകരണത്തെയും നഷ്ടപരി




ഹാരത്തെയും കുറിച്ച് പഠിക്കാൻ സമിതികളെ നിശ്ചയിക്കാൻ രാഷ്ട്രീയ നേതൃത്വം നിർബന്ധിതരാവുന്നു. കാര്യമായ വിഭവശേഷിയൊന്നുമില്ലാത്ത ആദിവാസികളുടെ സമരം സത്യാഗ്രഹത്തിന്റെ സന്ദേശം വിളിച്ചോതിക്കൊണ്ട് മൂവായിരം ദിവസം പിന്നിടുന്നു.

തേയിലക്കൃഷിക്കും മറ്റുപ്ലാന്റേഷനുകൾക്കും വേണ്ടി പിടിച്ചെടുക്കുകയും അന്യാധീനപ്പെടുകയും ചെയ്ത സ്വന്തം ഭൂമിയ്ക്കുവേണ്ടി, ചരിത്രപരമായ അനീതികൾക്കെതിരെ, കോർപ്പറേറ്റ് ധനതത്വത്തിന്റെ വെല്ലുവിളികൾക്കെതിരെ ആദിവാസികൾ ഉയിർത്തുവന്നു. അവർ തങ്ങളുടെ മണ്ണ് തിരിച്ചുചോദിച്ചു. അധികാരികളുടെ ഗോപുരവാതിലുകളിലേക്ക് വിട്ടുവീഴ്ചയില്ലാത്ത സമരവുമായി അവർ പടനയിച്ചെത്തി. അവഗണിതരും ഭൂരഹിതരുമായി മൗനം പൂണ്ടിരിക്കാൻ ദളിതർക്കും കഴിയുമായിരുന്നില്ല. അവകാശഭൂമിയ്ക്കായി അവരും സമരമുഖം തുറന്നു. ടോമിനും ഡിക്കിനും ഹാരിസണിനും സർക്കാർ പതിച്ചുകൊടുത്ത ഭൂമികളിലേക്ക് അവർ കടന്നുചെന്നു. ചെങ്ങറ ചരിത്രസമരമായി. വിദേശയാനങ്ങളുടെ കടന്നുകയറ്റത്തിനെതിരെ ജനാധിപത്യപരമായി പ്രക്ഷോഭം നടത്തിയ മത്സ്യത്തൊഴിലാളികൾ ഇപ്പോൾ പരമ്പരാഗത മത്സ്യബന്ധനഗ്രാമങ്ങളുടെ വേരുപിഴുതെറിയുന്ന തീരമണൽഖനനത്തിനെതിരെ അതിജീവനപ്പോരാട്ടത്തിലാണ്.

പ്രാദേശിക ജനതയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ഇത്തരം നിരവധി പ്രതിരോധങ്ങളുടെ തുടർച്ചയായി ജനങ്ങളുടെ രാഷ്ട്രീയം കേരളത്തിൽ ഉരുവം കൊള്ളുകയാണ്. നവലിബറൽ ധനതത്വശാസ്ത്രത്തിന്റെ ആകർഷണത്തിൽപ്പെട്ടുപോയ ഇടതുപക്ഷത്തിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ നവഇടതുപക്ഷദർശനങ്ങളുടെ ഒരു അലതന്നെ ഉയർന്നുവരുന്നുണ്ട്. കൂടുതൽ കൂടുതൽ കർഷകർ ജൈവ കൃഷിയിലേക്ക് തിരിയുന്നു. സ്വയം ഉൽപാദനത്തിലൂടെ സ്വരാജിലേക്കും പിന്നീട് സ്വയം ചികിത്സയിലേക്കും അവർ മുന്നേറുന്നു. വമ്പൻ പദ്ധതികളോടുള്ള എതിർപ്പിൽ നിന്ന് ജീവിതശൈലി നേരിടുന്ന വെല്ലുവിളികളെയും അവർ അഭിസംബോധന ചെയ്യുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ അവയുടെ ചെറുവൃത്തങ്ങളിൽ ഒതുങ്ങി നിന്നില്ല. ചെറുതും ശക്തവുമായ മറ്റ് ഗ്രൂപ്പുകളിലേക്കും അവയുടെ സ്വാധീനം പരക്കുകയും പടരുകയും ചെയ്തു. ബദൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി എന്നിവയിൽ തുടങ്ങി യുവാക്കൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും പരമ്പരാഗത ഇടതുപക്ഷം ഉയർത്തിയ നേതൃമാതൃകയിൽ നിന്ന് വ്യത്യസ്തമായി യുവനേതാക്കളുടെ പുതിയ തലമുറയെ ഉയർത്തിക്കൊണ്ടുവരുന്നതിലും (ഈ മാറ്റം വ്യാപകമോ പ്രകടമോ അല്ലെങ്കിൽപ്പോലും)ഇത് നിർണായകമായി. മൂല്യാധിഷ്ഠിത ജീവിതം, പ്രകൃതിജീവനം തുടങ്ങിയ ആദർശങ്ങളിലുറച്ച് പ്രവർത്തിക്കുന്ന യുവ ആക്ടിവിസ്റ്റുകളും അവരുടെ പ്രവർത്തനങ്ങളും കേരളത്തിലെ ജനമനസ്സുകളിൽ പതുക്കെയാണെങ്കിലും സ്വാധീനമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. 'കേരളീയം'പോലുള്ള ബദൽ പ്രസിദ്ധീകരണങ്ങളും ജനകീയ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ബദൽ കേന്ദ്രങ്ങളും ബദൽ ഉൽപന്ന-നിർമ്മാണ-വിതരണ കേന്ദ്രങ്ങളും സാധാരണക്കാർക്കുമാത്രമല്ല ജീവിതശൈലി സംബന്ധിച്ച ധർമ്മസങ്കടങ്ങൾ അലട്ടുന്ന മധ്യവർഗക്കാർക്കും ഉയർന്ന രാഷ്ട്രീയ മൂല്യബോധ്യങ്ങളോട് നീതി പുലർത്തുന്ന ജീവിതശൈലി പിന്തുടരാൻ വലിയൊരളവുവരെ സാധിക്കുന്ന തരത്തിലുള്ള സഹായകസംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വഴിയും ലക്ഷ്യവും തെരഞ്ഞെടുക്കുവാനുള്ള സാഹചര്യം നിലവിലുണ്ട്.

കേരളത്തിലെ ജനകീയ സമരങ്ങൾ സായുധമാർഗ്ഗം സ്വീകരിച്ചുവെന്ന് ആർക്കും ആരോപിക്കാൻ കഴിയില്ല. വൻകിട എൻ ജി ഒ കൾക്ക് കളംനിറഞ്ഞാടാനുള്ള അവസരവും ഇവിടെയുണ്ടായിട്ടില്ല എന്ന് ആരും സമ്മതിക്കും. അതേ സമയം തന്നെ ജനകീയ സമരങ്ങൾ തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ നിർണായകസ്വാധീനം ചെലുത്തുന്നുവെന്ന സത്യം ആർക്കും നിഷേധിക്കാനുമാവില്ല. കോർപ്പറേറ്റ് സ്വാധീനത്തിലകപ്പെട്ട മുഖ്യധാരാരാഷ്ട്രീയത്തിനും സ്വകാര്യവൽക്കരണത്തിനും ബദലായി ജനകീയ വീക്ഷണം ഉയർത്തിക്കൊണ്ടുവരുന്നതിലും ഈ സമരങ്ങൾക്ക് വലിയൊരളവുവരെ സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ മാത്രമല്ല, വികസനവും ജനജീവിതവുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പുകളിലും ജനകീയ ഉയിർപ്പുകൾ നിർണായകമാവുന്നുണ്ട്. കേരളത്തെ രണ്ടായി പകുക്കുന്ന എക്സ്പ്രസ് ഹൈവേയ്ക്കെതിരെയും, ദേശീയപാത വികസനത്തിനായുള്ള കുടിയൊഴിപ്പിക്കൽ നടപടികൾക്കെതിരെയും നടന്ന സമരങ്ങൾ രാഷ്ട്രീയ തീരുമാനങ്ങൾ എടുപ്പിക്കുന്നതിൽ വിജയിച്ചു. കിനാലൂർ, എൻഡോസൾഫാൻ, അതിരപ്പിള്ളി എന്നീ സമരമുഖങ്ങളും ജനങ്ങളുടെ പ്രതിഷേധത്തിന് മുന്നിൽ രാഷ്ട്രീയാധികാരത്തിന് മുട്ടുമടക്കേണ്ടിവന്നതിന് ഉദാഹരണങ്ങൾ. ഇവിടെയെല്ലാം പദ്ധതികൾ ഉപേക്ഷിക്കുന്നതിനോ പുനഃപരിശോധിക്കുന്നതിനോ സർക്കാർ നിർബന്ധിതമായി.

അഴിമതിയുടെ രാഷ്ട്രീയം ഇപ്പോൾ സാമ്പത്തിക അഴിമതിയിൽ മാത്രമൊതുങ്ങുന്നില്ല. പ്രകൃതിവിഭവങ്ങളുടെ ധൂർത്തും വിനാശകാരികളായ സാങ്കേതികവിദ്യകളും അളവില്ലാത്ത ലാഭത്വരയുമെല്ലാം അടിയന്തിരമായി തടയപ്പെടേണ്ടതാണ്. അതുകൊണ്ടുതന്നെ നമുക്കുമുന്നിലുള്ള വെല്ലുവിളി വളരെ വലുതാണ്. സമരപാത ദീർഘവും ദുർഘടവുമാണ്. ഒറ്റപ്പെട്ട സമരങ്ങൾ കൊണ്ടുമാത്രം അത് സാധിക്കില്ല. ജനകീയസമരങ്ങളുടെ ഐക്യപ്പെടലിലൂടെ മാത്രമേ ഈ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ കഴിയൂ. നമ്മുടെ സഹോദരങ്ങളെ മാത്രമല്ല, ജനാധിപത്യത്തെക്കൂടി കൊലയ്ക്കുകൊടുക്കുന്ന ആസുരതയുടെയും അക്രമത്തിന്റെയും നടുവിൽ പുതിയ തന്ത്രങ്ങളിലൂടെ മാത്രമേ സമാധാനപ്രസ്ഥാനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയൂ. അതുകൊണ്ടുതന്നെ കേരളത്തിന്റെ പ്രകൃതിയേയും സംസ്കാരത്തേയും ജനതയേയും രക്ഷിക്കുന്നതിനായി നമുക്ക് ഒന്നിച്ചുനിൽക്കേണ്ടിയിരിക്കുന്നു. വെല്ലുവിളികൾക്കുമുമ്പിൽ പകച്ചുനിൽക്കുന്ന രാഷ്ട്രം സമരകേരളത്തിൽ നിന്ന് ഒരു ഉത്തരം പ്രതീക്ഷിക്കുന്നുണ്ട്.

(പരിഭാഷ: കെ.ആർ. രൺജിത്ത്)

medha@narmada.org